**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012-17) - ആസൂത്രണ മാർഗ്ഗരേഖയും, സബ്സിഡി മാർഗ്ഗരേഖയും കൂട്ടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**246/2017**/തസ്വഭവ തീയതി, തിരുവനന്തപുരം 28.01.2017.

പരാമർശം :-1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2) 04.11.2016 ലെ സ.ഉ(സാധാ)നം. 3018/2016/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

3) 28.12.2016 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ നടപടിക്കുറിപ്പ് ഇനം നമ്പർ 2.22, 3.41

**ഉത്തരവ്**

പരാമർശം (3) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)ലെ സർക്കാർ ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോ-ഓർഡിനേഷൻ കമ്മിറ്റിക്കു വരുന്ന പ്രോജക്ട് ഭേദഗതികളിൽ പുതിയതായി തനത് ഫണ്ട് കൂടി ചേർത്തുള്ളവയാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ കഴിഞ്ഞ 3 (മൂന്ന്) വർഷത്തെ തനത് ഫണ്ട് സംബന്ധിച്ച് സാക്ഷ്യപത്രം ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വാങ്ങി ഉൾപ്പെടുത്തിയിരിക്കണം. കഴിഞ്ഞ 3 വർഷത്തെ ശരാശരി ഫണ്ടിനേക്കാൾ വളരെ കൂടുതൽ തുക തനത് ഫണ്ടായി കാണിക്കുമ്പോൾ ആയതിനുള്ള സാധ്യതകൂടി വ്യക്തമാക്കേണ്ടതാണ്.

2. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം ജൈവ വള സബ്സിഡി, ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി നൽകേണ്ടതില്ലാ എന്ന് ഉത്തരവായിരുന്നു. ഇക്കാര്യം പരാമർശം (3) പ്രകാരം വീണ്ടും പരിശോധിക്കുകയും ജൈവ വള സബ്സിഡി, ഗുണഭോക്താവിന് ഇനി മുതൽ ബാങ്ക് വഴി പണമായി നൽകുന്നതിനും കൂടാതെ ഗുണഭോക്താക്കളായി ചെറുകിട കർഷകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

3. പരാമർശം (2)ലെ സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്**:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ.**